# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 7) 13/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 7) 13/2022 തീയ്യതി: 18/05/2022

## തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 25-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-11-2021 | 25-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സദാനന്ദൻ.പി.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ.പി.ബി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുലേഖ പ്രദീപ് | പ്രസിഡന്റ് | 01-04-2020 | 25-08-2020 |
| പി.ആർ.വിശ്വനാഥൻ. | പ്രസിഡന്റ് | 26-08-2020 | 11-10-2020 |
| പ്രശാന്തി | പ്രസിഡന്റ് | 12-10-2020 | 12-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 13-11-2020 | 29-12-2020 |
| ശശീധരൻ.കെ. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ജയലക്ഷ്മി.എം. | സെക്രട്ടറി | 01-04-2020 | 30-04-2020 |
| ജലജകുമാരി.എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2020 | 12-05-2020 |
| ജയലക്ഷ്മി.എം | സെക്രട്ടറി | 13-05-2020 | 28-01-2021 |
| ജലജകുമാരി.എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-01-2021 | 14-02-2021 |
| ജയലക്ഷ്മി.എം | സെക്രട്ടറി | 15-02-2021 | 04-03-2021 |
| ജലജകുമാരി.എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2021 | 19-03-2021 |
| രാജേഷ്.ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജലജകുമാരി.എ. | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| അശ്വതി ഗോപിനാഥ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മൃദുല.എൻ.മോഹൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 17-02-2021 |
| ഡോ.സന്തോഷ്.കെ.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 18-02-2021 | 31-03-2021 |
| ഡോ.ജയമ്മ ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ശരണ്യ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 17-09-2020 |
| ഡോ.ചിത്ര ചന്ദ്രശേഖരൻ | വെറ്ററിനറി സർജ്ജൻ | 18-09-2020 | 25-10-2020 |
| ഡോ.സന്ധ്യ അച്ച്യുതൻ | വെറ്ററിനറി സർജ്ജൻ | 26-10-2020 | 31-03-2021 |
| ബീന.എം.കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| രമ്യ.എ.എസ്. | ഹെഡ്മിസ്ട്രസ് | 01-04-2020 | 14-06-2020 |

| | | | |
|---|---|---|---|
| ഇ.വസന്തകുമാരി | ഹെഡ്മിസ്ട്രസ് | 15-06-2020 | 31-03-2021 |
| സുരേഷ് കുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 20-01-2021 |
| അനൂപ്.പി.എ. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 21-01-2021 | 31-03-2021 |
| രമ്യ.കെ. | വി.ഇ.ഒ,ചേലക്കോട് സർക്കിൾ | 01-04-2020 | 02-06-2020 |
| രഞ്ജിത്ത് റാഫേൽ | വി.ഇ.ഒ,ചേലക്കോട് സർക്കിൾ | 03-06-2020 | 31-03-2021 |
| സോളി.ടി.ബി. | വി.ഇ.ഒ,കൊണ്ടാഴി സർക്കിൾ | 01-04-2020 | 01-06-2020 |
| ഹസീന.എം.എ. | വി.ഇ.ഒ,കൊണ്ടാഴി സർക്കിൾ | 02-06-2020 | 31-03-2021 |
| ഷമീർ.കെ.എം. | അസി.എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| വിനോജ്.ടി.ജെ. | അസി.എഞ്ചിനീയർ | 26-06-2020 | 31-03-2021 |
| ഡോ.ബിന്ദു ഭാസ്കർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jeejo Job (Senior Grade Auditor, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jeejo Job (Senior Grade Auditor, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jeejo Job (Senior Grade Auditor, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jeejo Job (Senior Grade Auditor, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sunil.P.B (Asst. Audit Officer, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11 |
| 12 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-1 |
| 13 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-2 |
| 14 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 07-05-2022) | 1-11-3 |
| 15 | വസ്തുനികുതി കുടിശ്ശിക- ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിക്കുകയും ചെലവായി ക്രമീകരിക്കുകയും ചെയ്തു.അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-4 |
| 16 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-5 |

| | | |
|---|---|---|
| 17 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-6 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-7 |
| 19 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 07-05-2022) | 1-11-8 |
| 20 | ആസ്തികളുടെ ഡിപ്രിസിയേഷൻ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-9 |
| 21 | വായ്പ രജിസ്റ്റർ പരിപാലിക്കുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-10 |
| 22 | വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 07-05-2022) | 1-11-11 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ബാധ്യത ശീർഷകത്തിലെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-12 |
| 24 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-13 |
| 25 | കാലാവധി കഴിഞ്ഞ ചെക്കുകൾ ബാധ്യത ശീർഷത്തിലേക്ക് മാറ്റി നീക്കിയിരിപ്പ് ക്രമീകരിച്ചില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-14 |
| 26 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-15 |
| 27 | ക്ലോസിംഗ് സ്റ്റോക്ക് മൂല്യം രേഖപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-16 |
| 28 | അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-17 |
| 29 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - സ്റ്റേറ്റ് മെന്റുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-11-18 |
| 30 | രശീതി ഉപയോഗം - അപാകതകൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 07-05-2022) | 1-12 |
| 31 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-13 |
| 32 | വാണിജ്യ കെട്ടിടങ്ങൾ സഞ്ചയയിൽ ഗണം മാറി നികുതി നിശ്ചയിച്ച് നൽകിയിരിക്കുന്നു.<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-14 |

| | | |
|---|---|---|
| 33 | വേക്കൻസി റെമിഷൻ അനുവദിച്ചതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-15 |
| 34 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-16 |
| 35 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-17 |
| 36 | വാടക - അപാകതകൾ<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-18 |
| 37 | വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതി - അപാകതകൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-19 |
| 38 | 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുന്നില്ല.<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-20 |
| 39 | ആംബുലൻസിന്റെ ലോഗ്ബുക്ക് - അപാകതകൾ<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-21 |
| 40 | രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല<br>Written By: Jayan VS (Auditor, On 28-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-22 |
| 41 | ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-23 |
| 42 | അസി.എഞ്ചിനീയറുടെ കാനറാ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുക - ഉറവിടം വ്യക്തമല്ലാത്തതിനാൽ തനത് ഫണ്ടിലേക്ക് മാറ്റാവുന്നതാണ്<br>Written By: P.G.Sadanandan (Audit Officer, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 07-05-2022) | 1-24 |
| 43 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-25 |
| 44 | കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല - കരാറുകാരന് 20,949 രൂപ അധികം നൽകി<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-26 |
| 45 | പാറമേൽപടി പ്ലാന്റേഷൻ റോഡിന് ചാൽ നിർമ്മാണം - പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-27 |
| 46 | മരാമത്ത് പ്രവൃത്തിയുടെ എഗ്രിമെന്റ് ചമക്കുന്നതിന് കുറഞ്ഞ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറുകൾ ഉപയോഗിച്ചു<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-28 |
| 47 | അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതു അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-29 |

| | | |
|---|---|---|
| 48 | നിർദ്ദിഷ്ട യോഗ്യതയില്ലാത്തയാൾക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിയമനം നൽകി<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-30 |
| 49 | സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-31 |
| 50 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-32 |
| 51 | തെരുവ് ടാപ്പുകളുടെ വെള്ളക്കരം- സംയുക്തപരിശോധന നടത്തേണ്ടതും സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതുമാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 07-05-2022) | 1-33 |
| 52 | തൊഴിലുറപ്പ് പദ്ധതിക്ക് നൽകിയ മുൻകൂർ യഥാസമയം തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്തിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-34 |
| 53 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 13-05-2022) | 1-35 |
| 54 | വൃദ്ധർക്ക് കട്ടിൽ -രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 07-05-2022) | 1-36 |
| 55 | ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 13-05-2022) | 1-37 |
| 56 | എസ്.എസ്.എ പദ്ധതി - പഞ്ചായത്ത് വിഹിതം കണക്കാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 13-05-2022) | 1-38 |
| 57 | എസ്.എസ്.എ പദ്ധതി - എസ്.സി.പി വിഹിതം കണക്കാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 13-05-2022) | 1-39 |
| 58 | എസ്.എസ്.എ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 18-05-2022) | 1-40 |
| 59 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-41 |
| 60 | പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 13-05-2022) | 1-42 |
| 61 | എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021) | 1-43 |

| | | |
|---|---|---|
| | Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | |
| 62 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-44 |
| 63 | എ.ബി.സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 3-1 |
| 2 | കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല - കരാറുകാരന് 20,949 രൂപ അധികം നൽകി<br>Written By: P.G.Sadanandan (Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 22-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 06-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 18-05-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24/3/2020 | 1 | 179661489 | 170890088 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 19/02/2021 | 2 | 250047393 | 240033065 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 12-07-2021 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,12,44,309 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,63,22,756 |
| ആകെ | 7,75,67,065 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,43,17,543 |
| നീക്കിയിരിപ്പ് | 1,32,49,522 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ (ACR പ്രകാരം) | | 0 | 12267313 | 12267313 | 10474994 | 1792319 |
| വികസന ഫണ്ട് - എസ്.സി.പി (ACR പ്രകാരം) | | 0 | 9406608 | 9406608 | 8083816 | 1322792 |
| മെയിൻറനൻസ് റോഡ് (ACR പ്രകാരം) | | 0 | 7721000 | 7721000 | 7316908 | 404092 |
| മെയിൻറനൻസ് നോൺ റോഡ് (ACR പ്രകാരം) | | 0 | 3622981 | 3622981 | 3153824 | 469157 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ACR പ്രകാരം) - Basic Grant | | 0 | 9421494 | 9421494 | 7537454 | 1884040 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (ACR പ്രകാരം) - Tied | | 0 | 5040000 | 5040000 | 1422422 | 3617578 |
| സാക്ഷരത | | 1543 | 0 | 1543 | 0 | 1543 |
| MGNREGS | അഡ്മിനിസ്ട്രേഷൻ ചെലവുകൾ | 445836 | 523550 | 969386 | 447086 | 522300 |

| | | | | | | |
|---|---|---|---|---|---|---|
| | തൊഴിലാളികളുടെ കൂലി | 0 | 72629274 | 72629274 | 72629274 | 0 |
| ICDS | | 2755681 | 1851427 | 4607108 | 985435 | 3621673 |
| വിമുക്തി | | 22940 | 0 | 22940 | 0 | 22940 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പി ലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 245 | 96607104 | 167 | 49058973 | 0 | 78 | 68.16 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 445836 | 523550 | 969386 | 447086 | 522300 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 72629274 | 72629274 | 72629274 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9367900 | 625 |
| വിധവാ പെൻഷൻ | 17652200 | 1191 |
| വാർദ്ധക്യകാല പെൻഷൻ | 25235700 | 1822 |
| വികലാംഗപെൻഷൻ | 4905700 | 323 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3118200 | 214 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000 | 15 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,210/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 26/02/2021 | 4/2020 മുതൽ 12/2020 വരെ | 20/07/2021 |
| അക്കൗണ്ടന്റ് ജനറൽ | ലഭ്യമല്ല. | -- | -- |

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-11-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)}.

### 1-11-2 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻടി ഇല്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 221 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-11-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1) തൻവർഷം

1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീക രിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 14,86,001 | 14,82,811 | 10,061 | 238 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 14,86,001 | 14,75,711 | 10,052 | 238 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(250/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീക രിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10,89,530 | 10,67,733 | 6,057 | 20,499 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10,89,530 | 10,64,307 | 4,724 | 20,499 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(21525/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2) കടിശ്ശിക

2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5,845 | 4,179 | 16,66 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *5573 | 4,179 | 16,66 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1750/105X100) |

| | | | |
|---|---|---|---|
| | (836+5016= 5852/105*100) | | |

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 49,381 | 3,360 | 46,021 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 74,273 | 3,360 | 46,024 |
| | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 30740+47247= 77987* (/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(48326/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3) ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസി ഡൻഷ്യൽ | 75957 | 5845 | 76251 | 75658 | 210 | 75868 | 566 | | 12 | 84 | 96 |
| | നോൺ-റെസി ഡൻഷ്യൽ | 56223 | 2473 | 58696 | 53711 | 168 | 53879 | 313 | | 1026 | 2305 | 3331 |
| | ആകെ | | | 1,34,947 | | | 1,29,747 | 879 | | 3,427 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | * 0 | | | 1,29,589 | | | | - | 3,427 | | |
| | | * ഡിമാന്റ് ചേർത്തിട്ടില്ല. | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt Cess/levies ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

4) വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുമ്പോൾ ഡി.സി.ബി പ്രകാരം തൻവർഷം ആകെ പിരിച്ചെടുക്കാനുള്ള വസ്തുനികുതിയും ലൈബ്രറി സെസ്സും ചേർന്ന തുക Receivables For Property Tax (Current-Residential & Non Residential) ശീർഷകങ്ങളിൽ ഡെബിറ്റ് ചെയ്യുകയും വസ്തുനികുതി ഡിമാന്റ് 1 ൽ തുടങ്ങുന്ന പ്രോപ്പർട്ടി ടാക്സ് ഇൻകം ഹെഡ്ഡിലും ലൈബ്രറി സെസ് ഡിമാന്റ് 431910101 State Govt.Cesses / Levies In Property Taxes-Control Account ലും ക്രെഡിറ്റ ചെയ്യുകയുമാണ് ചെയ്യേണ്ടത്. എന്നാൽ 2020-21 വർഷത്തിൽ റീസിവബിൾ ശീർഷകങ്ങളിൽ ലൈബ്രറി സെസ് ഉൾപ്പെടുത്താതെ വസ്തുനികുതി മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. ലൈബ്രറി സെസ് ഡിമാന്റ് സ്റ്റേറ്റ് ഗവ.സെസ്സസ് & ലെവീസ് കൺട്രോൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. മാത്രമല്ല 2019-20 വർഷം പിരിച്ചെടുക്കാനുള്ള ലൈബ്രറി സെസ്സ് ആയി കൺട്രോൾ അക്കൗണ്ടിൽ അവശേഷിച്ച തുക Receivables Property Tax -Arrear ശീർഷകങ്ങളിൽ ക്രെഡിറ്റ് ചെയ്യുകയും അപ്രകാരം കൺട്രോൾ അക്കൗണ്ടിലെ ഡിമാന്റ് ഒഴിവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. പിന്നീട് വർഷാവസാനം റിസീവബിൾ ശീർഷകങ്ങളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതിക്ക് ആനുപാതികമായ ലൈബ്രറി സെസ്സ് തുക കണക്കാക്കി സ്റ്റേറ്റ് സെസ്സസ് & ലെവീസ് കൺട്രോൾ അക്കൗണ്ടിൽ പിരിച്ചെടുക്കാനുള്ള ലൈബ്രറി സെസ്സ് ആയി രേഖപ്പെടുത്തുന്നു. ഇപ്രകാരം ചെയ്യുന്നത് നിലവിലെ അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

5) സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി.രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-11-4 വസ്തുനികുതി കുടിശ്ശിക- ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിക്കുകയും ചെലവായി ക്രമീകരിക്കുകയും ചെയ്തു.അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

വസ്തുനികുതി റിസീവബിൾസ് ലെഡ്ജർ പ്രകാരം താഴെ പറയുന്ന തുകകൾ ജേണൽ എൻട്രികൾ വഴി Prior Period Items മുഖേന വരുമാനമായി ക്രമീകരിക്കുകയോ ഡിമാന്റ് വർദ്ധിപ്പിക്കുകയോ ചെയ്തു. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി ശീർഷകം | ഡിമാന്റ് വർദ്ധിപ്പിച്ച തുക | വരുമാനമായി ക്രമീകരിച്ച തുക | ജേണൽ വൗച്ചർ നം. / തീയതി |
|---|---|---|---|
| 431100102- Receivables For Property Tax On Residential Buildings (Arrears) | 273/- | | 42000317/01.04.20 |
| 431100104- Receivables For Property Tax On Non-Residential Buildings(Arrears) | | 24,891/- | 42000318/01.04.20 |

### 1-11-5 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-11-6 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് വാർഷികകണക്കിലെ ശീർഷകങ്ങളുമായി പൊരുത്തപ്പെടുത്തുന്ന രീതിയിൽ അല്ല.

### 1-11-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-11-8 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20,05,213/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 47,93,647/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-11-9 ആസ്തികളുടെ ഡിപ്രിസിയേഷൻ അപാകതകൾ

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ ഉൾപ്പെട്ട 410100199- Land Others എന്ന ആസ്തി ഒഴികെയുള്ള ആകെ ആസ്തികളുടെ മൂല്യം 11,05,04,269/- രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഡിപ്രിസിയേഷൻ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021 വരെ ആർജ്ജിച്ച ആസ്തികളുടെ മൂല്യം 10,00,57,456/- രൂപയായി പരിഗണിച്ച് ടി തുകയിൻമേലാണ് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുള്ളത്.

## 1-11-10 വായ്പ രജിസ്റ്റർ പരിപാലിക്കുന്നില്ല.

330500201-Secured Loans – Loan From KURDFC എന്ന ശീർഷകത്തിൽ നാളിതു വരെ ലോൺ അനുവദിച്ച തുക, നാളിതു വരെയുള്ള തിരിച്ചടവ്, തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക എന്നിവ കാണിക്കുന്ന രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-11-11 വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.

വികസനഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ (എം.എസ്) 152/11/തസ്വഭവ. തീയതി 26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-11-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ബാധ്യത ശീർഷകത്തിലെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ-ബി-4 പ്രകാരം 320100101- Centrally Sponsored Scheme- NREGA എന്ന ശീർഷത്തിലെ നീക്കിയിരിപ്പ് 6,00,900/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ ബി-15 പ്രകാരം MGNREGS ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 5,22,300/- രൂപയാണ്.

## 1-11-13 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

2 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

3 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

4 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

5 ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല.)

## 1-11-14 കാലാവധി കഴിഞ്ഞ ചെക്കുകൾ ബാധ്യത ശീർഷത്തിലേക്ക് മാറ്റി നീക്കിയിരിപ്പ് ക്രമീകരിച്ചില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| ബാങ്ക് ഓഫ് ബറോഡ 265/17.06.2019 | 21-06-19 | 12,223 |
| ബാങ്ക് ഓഫ് ബറോഡ 6519/31.12.2019 | 31--12-19 | 1,765 |

## 1-11-15 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(എ) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ബി) 432300201- Accumulated Provision For Outstanding Water Charges എന്ന ശീർഷത്തിൽ (76960) രൂപ ബാലൻസ് ഉണ്ട്. എന്നാൽ ടി പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമായിട്ടില്ല.

## 1-11-16 ക്ലോസിംഗ് സ്റ്റോക്ക് മൂല്യം രേഖപ്പെടുത്തിയിട്ടില്ല

2020-21 വർഷത്തെ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-17 അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല

460100101- Festival Advance എന്ന ശീർഷകത്തിൽ പ്രാരംഭ ബാക്കിയായി കാണിച്ചിട്ടുള്ള 6000/- രൂപ തിരികെ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-11-18 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - സ്റ്റേറ്റ് മെന്റുമായി പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 2,17,878 രൂപയാണ്. എന്നാൽ 31/3/2021ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1,18,406 രൂപയാണ്.

## 1-12 രശീതി ഉപയോഗം - അപാകതകൾ

I) അസി.എഞ്ചിനീയറുടെ ഓഫീസിൽ ഉപയോഗിച്ച രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) രശീതി പുസ്തകത്തിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സൂക്ഷിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2)

2) 63016, 63017 എന്നീ നമ്പർ രശീതി പുസ്തകങ്ങൾ ഒരുമിച്ച് കൈപ്പറ്റിയിരിക്കുന്നു. തുടർന്ന് 63017 എന്ന രശീതി പുസ്തകം ഉപയോഗിക്കാതെ രശീതി പുസ്തകം നമ്പർ 4392 കൈപ്പറ്റി ഉപയോഗിച്ചിരിക്കുന്നു.

[കേരള ട്രഷറി കോഡ് വോള്യം I, റൂൾ 90(a), കുറിപ്പ് 2].

3) ഇരുവശവും പതിയുന്ന കാർബൺ ഉപയോഗിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/22.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ രശീതി പുസ്തകം നം. 63017 ഗ്രാമപഞ്ചായത്തിലേക്ക് 23.11.2021 ന് തിരികെ നൽകി എന്നും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

II) കൃഷി ഓഫീസറുടെ ഓഫീസിൽ ഉപയോഗിക്കുന്നതിനായി നൽകിയ രശീതി പുസ്തകത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) രശീതിയിൽ തീയതി രേഖപ്പെടുത്തുന്നില്ല.

2) ഇരുവശവും പതിയുന്ന കാർബൺ ഉപയോഗിക്കുന്നില്ല.

3) ഉപയോഗിച്ച രശീതികളുടെ പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90 (എ)}.

4) രശീതി പുസ്തകം നമ്പർ 4392 ൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സൂക്ഷിച്ചിരുന്നില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 83)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/22.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ

ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
III) ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സാംഖ്യ രശീതികളുടെ കാൻസലേഷൻ റിപ്പോർട്ട് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കാൻസൽ ചെയത് രശീതികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താതെയിരിക്കുന്നതായും പരിശോധനയിൽ കാണുകയുണ്ടായി.
രശീതികളുടെ ഉപയോഗത്തിൽ കർശന മേൽനോട്ടം ഉണ്ടാവേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-13 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

I) ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ പുതുതായി വസ്തു നികുതി കണക്കാക്കിയിട്ടുള്ള കെട്ടിടങ്ങളുടെ ഫോം 6 പരിശോധിച്ചതിൽ 250 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട 15% വർദ്ധനവ് വരുത്തിയിട്ടില്ല. സ്ഥല പരിശോധനാ റിപ്പോർട്ടിൽ തറ നിർമ്മിതിയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) XII/255A, ഐസക്, ഇടിത്തിക്കുഴിയിൽ വീട്, കൊണ്ടാഴി – 277.2m$^2$ പാർപ്പിടം

2) I/94A, സുനന്ദ.എം.എസ്, ശ്രേയസ് വീട്, കല്ലിപ്പാടം – 266.61 M$^2$ പാർപ്പിടം

3) IX/15A, സെയ്തു മുഹമ്മദ്, വട്ടപ്പറമ്പിൽ വീട് – 258.44m$^2$ പാർപ്പിടം

4) V/57A, രാമനാഥൻ, പാറമേൽപ്പടി തെരുവ്, കൊണ്ടാഴി – 266.22m$^2$ പാർപ്പിടം

5) II/129C, മിനി.എം.കെ, കളകുന്നത്ത് വീട് – 269.98m$^2$ പാർപ്പിടം

II) വസ്തു നികുതി ഫയലുകൾ പരിശോധിക്കുന്നതിനാവശ്യമായ മേഖല തരം തിരിവ് നിർണ്ണയിച്ചിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല.
III) UA നമ്പർ നൽകിയ കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ചേർത്തിട്ടുള്ള 2014-15 വർഷം വരെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടില്ല. രജിസ്റ്ററിൽ ചേർത്തിട്ടുള്ള താഴെ പറയുന്നവയുടെ വിവരവും സഞ്ചയയിൽ ലഭ്യമല്ല.
1) VII/4UA – ഉണ്ണികൃഷ്ണൻ, ഒലിച്ചികോളനി വീട്ടിൽ, കൊണ്ടാഴി
2) VII/88UA – ആറുമുഖൻ, മൂശാരിപുരയ്ക്കൽ വീട്, കൊണ്ടാഴി
3) XI/43UA – കെ.ജി.ശശികുമാർ, കോലക്കാട്ടുകുടിയിൽ വീട്, കൊണ്ടാഴി
4) IV/16UA – എൻ.കെ.ദേവദാസ്, നെടുന്തംകുന്നത്ത് വീട്, മായന്നൂർ
5) IV/17UA – ലൈല, പുല്ലമറ്റത്തിൽ വീട്, കൊണ്ടാഴി
6) V/1 UA – ലത, പാറമേൽപ്പടിതെരുവ്, കൊണ്ടാഴി
7) XII/12UA – കേശവൻ, ഒലിച്ചികോളനി, കൊണ്ടാഴി
8) രജിസ്റ്ററിൽ ചന്ദ്രൻ, ഊരത്ത് വീട് ചേലക്കോട് എന്ന് രേഖപ്പെടുത്തിയിട്ടുള്ള 590/- രൂപ നികുതി കണക്കാക്കിയിട്ടുള്ള XI/11 UA നമ്പർ കെട്ടിടം സഞ്ചയയിൽ ചാക്കോ എന്ന് രേഖപ്പെടുത്തി 189/- രൂപ നികുതിയാണ് കാണിച്ചിരിക്കുന്നത്.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/22.11.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
IV) Ex-servicemen നികുതി ഒഴിവ് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ V/132, ഉണ്ണികൃഷ്ണൻ.വി എന്നയാളുടെ പാർപ്പിടം 2599.9 ച.മീ. എന്നും XV/611, മണികണ്ഠൻ എന്നയാളുടെ പാർപ്പിടം 4000 ച.മീ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ ഈ രണ്ട് കെട്ടിടങ്ങൾക്കും ഡിമാന്റ് രേഖപ്പെടുത്തി കാണുന്നില്ല. (ഓഡിറ്റ് അന്വേഷണം നം. 28/23.11.2021)
V) കെട്ടിടങ്ങൾക്ക് നമ്പറിങ്ങ് നടത്തി വസ്തുനികുതി ഈടാക്കുമ്പോൾ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ തീ.09/07/15 പ്രകാരം റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

A) XV/296A – ലക്ഷ്മി നാരായണ ട്രസ്റ്റ് (1661.56m$^2$ വിദ്യാഭ്യാസാവശ്യം)

B) I/541A – ലീന ലാൽ, കണ്ണിയാംപുറം അംശം (641.79m$^2$ പാർപ്പിടം)

C) IV/110 A To C – മണികണ്ഠദാസൻ, കൊറ്റുവീട്ടിൽ (44.39m$^2$ വാണിജ്യാവശ്യം)

D) XII/265A To F – ഷാജി അബ്രഹാം, ആനിത്തോട്ടത്തിൽ (62.06m$^2$ പാർപ്പിടം, 110m$^2$ വാണിജ്യാവശ്യം)

E) XII/255A, ഐസക്, ഇടിത്തിക്കുഴിയിൽ വീട്, കൊണ്ടാഴി – 277.2m$^2$ പാർപ്പിടം

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/23.11.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-14 വാണിജ്യ കെട്ടിടങ്ങൾ സഞ്ചയയിൽ ഗണം മാറി നികുതി നിശ്ചയിച്ച് നൽകിയിരിക്കുന്നു.

1) താഴെ കാണിച്ചിരിക്കുന്ന വാണിജ്യ വ്യാപാര ലൈസൻസ് അനുവദിച്ച് നൽകിയ കെട്ടിടങ്ങൾ സഞ്ചയയിൽ ഗണം മാറിയാണ് നികുതി നിശ്ചയിച്ച് നൽകിയിരിക്കുന്നത്.

| കെട്ടിട നം. | സ്ഥാപനം | സഞ്ചയയിൽ രേഖപ്പെടുത്തിയ ഗണം |
|---|---|---|
| V/400 | വനിത സ്റ്റോഴ്സ് | പാർപ്പിടാവശ്യം |
| X/20 | സുജോം ചിക്കൻ സെന്റർ | പാർപ്പിടാവശ്യം |
| X/489 | ഗ്രാന്റ് ഇലക്ട്രിക്കൽസ് | പാർപ്പിടാവശ്യം |
| VIII/496 | ശ്രീ മഹാലക്ഷ്മി ക്ലേ വർക്സ് | പാർപ്പിടാവശ്യം |
| VIII/532 | ഹരിത ആർട്സ്, പെയിന്റിംഗ് വർക്സ് | കൈത്തറി, കയർപിരി ഷെഡ് |
| II/409B | കാർ വാഷിംഗ് | കൈത്തറി, കയർപിരി ഷെഡ് |
| III/470 | ലൈറ്റ് & സൗണ്ട് | പാർപ്പിടാവശ്യം |
| III/180 | കുന്നത്ത് ഡിസ്ട്രിബ്യൂട്ടേഴ്സ് | പാർപ്പിടാവശ്യം |
| IV/252 | ശ്രീജിത്ത് ടീ സ്റ്റാൾ | No Data Found |

2) അമൃത സ്റ്റോർ എന്ന സ്ഥപനത്തിന് ലൈസൻസ് നൽകിയിട്ടുള്ളത് അനധികൃത കെട്ടിടമായ I/3 UA എന്ന നമ്പറിലാണ്. സഞ്ചയ പ്രകാരം ടി.കെ.ശങ്കരൻകുട്ടി എന്നയാളുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235W വകുപ്പ് പ്രകാരം നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.
മേൽ വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 25/23.11.2021 നൽകിയതിന് മറുപടി ലഭിച്ചില്ല.

## 1-15 വേക്കൻസി റെമിഷൻ അനുവദിച്ചതിലെ അപാകതകൾ

1) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 12.08.2020 തീയതിയിലെ തീരുമാനം നം. 2(5), 25.02.2021 തീയതിയിലെ തീരുമാനം നം. 2(1), 12.03.2021 തീയതിയിലെ തീരുമാനം നം. 2(4), 2(5) എന്നിവ പ്രകാരം ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിൽ ഏത് അർദ്ധവർഷത്തേക്കാണ് നികുതിയിളവ് അനുവദിക്കുന്നതെന്ന് കാണിച്ചിട്ടില്ല. ലഭിച്ച അപേക്ഷകളിലും അർദ്ധവർഷം പരാമർശിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(2) (എ) പ്രകാരം കെട്ടിടം ഒഴിഞ്ഞ് കിടന്ന കാലത്തേക്ക് നോട്ടീസ് ലഭിച്ചിട്ടില്ലായെങ്കിൽ നികുതിയിളവ് നൽകുവാൻ പാടില്ലായെന്നും 21 (2) (ബി) പ്രകാരം നോട്ടീസ് നൽകിയ തീയതി മുതൽക്കോ ഒഴിഞ്ഞ് കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ കണക്കാക്കേണ്ടതാണ് എന്നും 21(2) (സി) പ്രകാരം നോട്ടീസിന്റെ കാലാവധി ഏത് അർദ്ധവർഷത്തേക്കാണോ ആ അർദ്ധവർഷത്തോടുകൂടി അവസാനിക്കുന്നതുമാണ് എന്നും അനുശാസിക്കുന്നു.
ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അപേക്ഷ നൽകാത്തതും കമ്മിറ്റി തീരുമാനത്തിൽ പറഞ്ഞിരിക്കുന്നതിൽ ഉൾപ്പെടാത്തവർക്കും നികുതി ഇളവ് അനുവദിച്ചതായും കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമ | ഇളവ് അനുവദിച്ച കാലയളവ് | അപേക്ഷ ലഭിച്ച തീയതി | കുറിപ്പ് |
|---|---|---|---|---|
| III/421 | രാമദാസ് | 01.04.2020-30.09.2020 | 03.06.2020 | |
| III/634 | ഉണ്ണികൃഷ്ണൻ | 01.04.2020-30.09.2020<br>01.10.2020-31.03.2021 | 05.05.2020<br>15.02.2021 | |
| VI/412 | പി.കൃഷ്ണൻ | 01.04.2020-30.09.2020<br>01.10.2020-31.03.2021 | 04.05.2020<br>-- | |
| III/146,147<br>148,149,150 | പാപ്പാത്തി അമ്മാൾ & അദേഴ്സ് | 01.04.2020-30.09.2020<br>01.10.2020-31.03.2021 | 12.05.2020<br>07.10.2020 | |

| | | | | |
|---|---|---|---|---|
| III/563,564,<br>566,568,570,260 | എം.സി.<br>പ്രവീൺകുമാർ | 01.04.2020-30.09.2020<br>01.10.2020-31.03.2021 | 09.06.2020<br>30.11.2020 | |
| III/574,575,<br>576,577 | പ്രമോദ് | 01.04.2020-30.09.2020<br>01.10.2020-31.03.2021 | 09.06.2020<br>30.11.2020 | |
| V/459,465,466,<br>467,468,477 | രാമചന്ദ്രൻ | 01.04.2020-30.09.2020 | ലഭ്യമായിട്ടില്ല | കമ്മിറ്റി തീരുമാനം ഇല്ല |
| IV/245 | മനോജ്<br>ഫ്രാൻസിസ് | 01.04.2020-30.09.2020 | 11.03.2021 | |
| I/589 | കുഞ്ഞി | 01.04.2020-30.09.2020 | 08.03.2021 | |

2020-21 വർഷത്തെ അപേക്ഷകളും അനുബന്ധ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. നികുതി ഒഴിവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങളടങ്ങിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/23.11.2021 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-16 തൊഴിൽ നികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (I) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (II) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം പഞ്ചായത്തിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.
1) 2020-21 വർഷത്തെ ലൈസൻസ് അപേക്ഷയിൽ പാഷൻ പ്രൊഡക്ട്സ് എന്ന വസ്ത്ര നിർമ്മാണ സ്ഥാപനത്തിൽ 8 ജീവനക്കാർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
2) മാവേലി സ്റ്റോറിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
3) ഗ്രാമപഞ്ചായത്തിലെ പമ്പ് ഓപ്പറേറ്റർമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
4) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
5) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട, കള്ള്ഷാപ്പ് എന്നിവിടങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 11/22.11.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.
1) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.
2) നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ, തീ.03.04.2017 മാർഗ്ഗരേഖയിലെ ഖ.6.6 പ്രകാരം സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരംഭകർക്ക്

ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരംഭകമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

3) അപേക്ഷയിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഫീസ് ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ള്ഷാപ്പുകൾ, റേഷൻ കടകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

5) കെ.എം.ഫ്യുവൽസ് എന്ന പെട്രോൾ പമ്പ് ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കിയ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി ഡിവിഷനൽ ഓഫീസിൽ നിന്നും 29.11.2016 തീയതിയിൽ അനുവദിച്ച സ്റ്റോറേജ് ലൈസൻസ് പ്രകാരം ആയതിന്റെ കാലാവധി 31.12.2019 വരെ മാത്രമാണ്. പുതുക്കിയ ലൈസൻസ് ഹാജരാക്കിയിട്ടില്ല.

6) വാർഡ് 9, ചേലക്കോട് പ്രവർത്തിക്കുന്ന എച്ച്.പി ഗ്യാസ് ഗോഡൗണിന് ലൈസൻസ് എടുത്തിട്ടില്ല.

7) 28.05.19-ലെ തീരുമാനം നമ്പർ 43(1) പ്രകാരം 2-ാം വാർഡിലെ മിനറൽ വാട്ടർ പ്ലാന്റിനെതിരെ പരാതി ലഭിക്കുകയുണ്ടായിട്ടുണ്ട്. ഈ സ്ഥാപനത്തിന് ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/22.11.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾ പരിഹരിക്കേണ്ടതും നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 വാടക - അപാകതകൾ

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ സ്ഥലത്ത് പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടകയായി 2012-13 സാമ്പത്തിക വർഷം മുതൽ 799/- രൂപ മാത്രമാണ് പ്രതിമാസം ഈടാക്കി വരുന്നത്. നാളിതു വരെയായി വാടക വർദ്ധനവ് വരുത്തിയിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വാടക വർദ്ധനവ് വരുത്താത്തത് സംബന്ധിച്ചും ജി.എസ്.ടി, സെസ്സ് എന്നിവ ഈടാക്കാത്തതിനെ സംബന്ധിച്ചും പരാമർശിച്ചിരുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/20.11.2021 നുള്ള മറുപടിയിൽ പഞ്ചായത്ത് ഭരണ സമിതിയുടെ 08.07.2021 ലെ 1(2) തീരുമാനപ്രകാരം വാടക കൂട്ടി വാങ്ങുന്നതിനും ജി.എസ്.ടി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ജി.എസ്.ടി ഈടാക്കുകയും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

വാടക കരാർ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. വിശദമായ വ്യവസ്ഥകളോടെ കരാർ ചമയ്ക്കേണ്ടതും ചുമതലപ്പെട്ടവർ ആയത് അംഗീകരിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-19 വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതി - അപാകതകൾ

വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതിയ്ക്കായി 2020-21 വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവ താഴെ കാണിക്കുന്നു.

| | | |
|---|---|---|
| 2020-21 വർഷത്തെ ഡിമാന്റ് | ₹3,67,140/- | |
| 2020-21 വർഷത്തെ തൻവർഷ കളക്ഷൻ | ₹61,525 | |
| 2020-21 വർഷത്തെ കുടിശികയിനത്തിലെ വരവ് | ₹27,985 | |
| 2020-21 ആകെ വരവ് | ₹89,510 | |
| ബാലൻസ്ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക | തൻവർഷം | കുടിശിക |
| | ₹305615/- | ₹7,18,720/- |

വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതിയ്ക്കായി 2020-21 വർഷത്തിൽ ചെലവ് വന്നതിന്റെ കണക്ക് താഴെ കാണിക്കുന്നു.

| ചെലവ് വിവരം | തുക |
|---|---|
| വാൽവ് ഓപ്പറേറ്റർ, പമ്പ് ഓപ്പറേറ്ററുടെ വേതനം | 1,10,375 |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 2,09,417 |
| റിപ്പയർ ചാർജ്ജ് | 9,761 |
| ആകെ ചെലവ് | ₹3,29,553 |

1) മേൽ പട്ടിക പ്രകാരം 31.03.2021 തീയതിയിൽ വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതിയിനത്തിൽ ആകെ ₹

10,24,335/- പിരിച്ചെടുക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2) വാട്ടർ ചാർജ്ജ് വരവ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് എഴുതിസാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 46/25.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുന്നില്ല.

30.11.2019 തീയതിയിലെ ഭരണസമിതി തീരുമാനം നം. 11(1) പ്രകാരം കൊണ്ടാഴി തളി ക്ഷേത്രത്തോട് ചേർന്ന പൊതുശ്മശാനം ഉപയോഗയോഗ്യമാക്കുന്നതിനും 26.02.2021 തീയതിയിലെ തീരുമാനം നം. 11(2) പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മൂലമണ്ണൂർ ശ്മശാനം, കൊണ്ടാഴി ശ്മശാനം എന്നിവയിൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ നിലവിൽ വന്നത് പ്രകാരം വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ചട്ടം 3 പ്രകാരം പഞ്ചായത്തിന് കീഴിൽ രണ്ട് ശ്മശാനങ്ങൾ നിലവിലുള്ളതായും ചട്ടം 3(1) പ്രകാരം വാടക/ഫീസ് എന്നിവ ഈടാക്കുന്നില്ല എന്നും ചട്ടം 3(3) പ്രകാരം ഫീസ് പിരിക്കുന്നതിന് കുത്തകാവകാശം ആർക്കും നൽകിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

മേൽ ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം ശ്മശാനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടം 12 പ്രകാരം ബൈലോ തയ്യാറാക്കി ശ്മശാനത്തിന് വാടക/ഫീസ് നിശ്ചയിക്കേണ്ടതും ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റേണ്ടതുമാണ്.

## 1-21 ആംബുലൻസിന്റെ ലോഗ്ബുക്ക് - അപാകതകൾ

KL-48/P-7146 നമ്പറിലുള്ള ടെംപോ ട്രാവലർ ആംബുലൻസിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ്ബുക്കിൽ പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

2) ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ വാഹനത്തിന്റെ കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തുന്നില്ല.

3) അത്യാഹിത കേസുകൾക്കായും സൗജന്യമായും ഓട്ടം പോകുന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) 24.08.2020, 24.10.2020 തീയതികളിലെ ഓട്ടത്തിന് വരവ് രശീതി എഴുതിയിട്ടില്ല, ഇത് സൗജന്യമായുള്ളതാണോ എന്ന് രേഖപ്പെടുത്തിയിട്ടുമില്ല.

5) 26.02.2021 തീയതിയിലെ ഭരണസമിതി തീരുമാനം നം.7(1) പ്രകാരം ആംബലൻസിന്റെ ഉപയോഗത്തെ സംബന്ധിച്ച ബൈലോ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് കൊടുക്കുന്നതിനും തീരുമാനം നം.7(2) പ്രകാരം പി.എച്ച്.സിക്ക് ആംബുലൻസ് കൈമാറുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ബൈലോയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ആംബുലൻസിന്റെ ലോഗ് ബുക്കും വരവ് ചെലവ് കണക്കുകളും ശരിയായി എഴുതി സൂക്ഷിക്കുന്നതിനും മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

വാർഷിക കണക്കിൽ ഉൾപ്പെട്ട വിവിധ വരവിനങ്ങളുടെയും, ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് വരവിനത്തിൽ ഉൾപ്പെടേണ്ടതുമായ ഇനങ്ങൾക്ക് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും വിവരങ്ങൾ ഹാജരാക്കുകയുണ്ടായില്ല.

1) 2020-21 വാർഷിക കണക്ക് പ്രകാരം Road Cutting Charges ഇനത്തിൽ 28,311/- രൂപ വരവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) 2020-21 വാർഷിക കണക്ക് പ്രകാരം Re-imbursement Of Other Expenses എന്ന ഇനത്തിൽ 3,675/- രൂപ വരവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് വിവരങ്ങൾ ഹാജരാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം. 6/20.11.2021).

3) 10.08.2020 തീയതിയിലെ 9(1) തീരുമാന പ്രകാരം ആർദ്രം പദ്ധതിയുടെ ഭാഗമായി തടസ്സമുള്ള മരം മുറിച്ച് ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഹാജരാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം. 4/20.11.2021)

4) 15.09.2020 തീയതിയിലെ തീരുമാനം നം. 6(1) പ്രകാരം ട്രീ കമ്മിറ്റി നാല് മരങ്ങൾ മുറിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഹാജരാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം. 4/20.11.2021)

## 1-23 ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച 61899 രൂപ അസി.എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൌണ്ട് നമ്പർ 00000037122813823 എന്ന ബാങ്ക് അക്കൌണ്ടിൽ ഉള്ളതായി കാണുന്നു. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

## 1-24 അസി.എഞ്ചിനീയറുടെ കാനറാ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുക - ഉറവിടം വ്യക്തമല്ലാത്തതിനാൽ തനത് ഫണ്ടിലേക്ക് മാറ്റാവുന്നതാണ്

അസി.എഞ്ചിനീയറുടെ പേരിൽ കാനറാ ബാങ്കിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.0801101060041) ലഭ്യമാക്കിയ ബാങ്ക് പാസ്ബുക്ക് പ്രകാരം 31/07/2021-ൽ 1,84,478/- രൂപ നീക്കിയിരിപ്പുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇടപാടുകളൊന്നും നടത്താത്ത ഈ അക്കൗണ്ടിലെ ബാലൻസ് തുക ഏതിനത്തിൽ ലഭിച്ചതാണെന്ന് വ്യക്തതയില്ലെന്നാണ് ഇതു സംബന്ധിച്ച് അസി. എഞ്ചിനീയർ അറിയിച്ചത്. തുകയുടെ ഉറവിടം കണ്ടുപിടിക്കാനാകാത്ത സാഹചര്യമാണെങ്കിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതിയോടെ ടി അക്കൗണ്ടിലെ ബാലൻസ് തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റാവുന്നതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-25 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | ബിറ്റുമിന്റെ അളവ് (Kg) | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം | വില (@ Rs.238) | ജി.എസ്.ടി (18%) | ആകെ |
|---|---|---|---|---|---|---|
| 1 | 183/21 – വാഴാട് കോളനി റോഡ് റീടാറിങ്ങ്<br>കരാറുകാരൻ - എം.എം.ജോസഫ്,<br>എം.ബി നമ്പർ - 237/19-20<br>എഗ്രി.നമ്പർ - 29/19-20<br>തീയതി 14.11.2019<br>ചെലവ് - 86728/-<br>ട്രഷറി ബിൽ നമ്പർ - 5/21.4.2020<br>ട്രഷറി ബിൽ നമ്പർ/തീയതി- 5/21.4.2020 | RS1-66.38<br>VG30-704.43<br>ആകെ | 0.33<br>4.35<br>4.68 | 1114 | 201 | 1315 |
| 2 | 170/21 – വാഴാട് പാടശേഖര റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്, | Ss1-289.34 | 1.6 | 1549 | 279 | 1828 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റിങ്ങ്<br>കരാറുകാരൻ – എം.എം.ജോസഫ്,<br>എം.ബി നമ്പർ – 238/19-20<br>എഗ്രി.നമ്പർ – 28/19-20<br>തീയതി - 14.11.19<br>ചെലവ് – 249742/-<br>ട്രഷറി ബിൽ നമ്പർ - 7/21.4.20 | RS1-93.61<br>VG30-718.24<br>ആകെ | 0.47<br>4.44<br>6.51 | | | |
| 3 | 168/21 – ഉണ്ടിക്കൽ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്<br>കരാറുകാരൻ – എം.എ.മുഹമ്മദ്<br>എം.ബി നമ്പർ – 227/19-20<br>എഗ്രി.നമ്പർ – 48/19-20<br>തീയതി – 14.1.2020<br>ചെലവ് – 349932/-<br>ട്രഷറി ബിൽ നമ്പർ – 8/21.4.2020 | SS1-494.28<br>RS1-159.91<br>VG30-1226.97<br>ആകെ | 2.73<br>0.80<br>7.58<br>11.11 | 2644 | 476 | 3120 |
| 4 | 184/21 – പൂണത്ത്പടി റോഡ് ടാറിങ്ങ്<br>കരാറുകാരൻ – എം.എ.മുഹമ്മദ്<br>എം.ബി നമ്പർ – 228/19-20<br>എഗ്രി.നമ്പർ – 19/19-20<br>തീയതി – 15.11.2019<br>ചെലവ് – 248957/-<br>ട്രഷറി ബിൽ നമ്പർ – 31/19-8-20 | SS1-202.81<br>RS1-65.615<br>VG30-503.446<br>ആകെ | 1.12<br>0.33<br>3.11<br>4.56 | 1085 | 195 | 1280 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 177/21 – തുളംകോട് കനാൽ റോഡ് സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് കരാറുകാരൻ – എം.എ.മുഹമ്മദ് എം.ബി നമ്പർ – 231/19-20 എഗ്രി.നമ്പർ – 51/19-20 തീയതി – 14.1.2020 ചെലവ് – 489887/- ട്രഷറി ബിൽ നമ്പർ – 40/1-12-2020 | SS1-389.172 | 2.15 | 2083 | 375 | 2458 |
| | | RS1-125.908 | 0.63 | | | |
| | | VG30-966.063 | 5.97 | | | |
| | | ആകെ | 8.75 | | | |
| | ആകെ | | | | | 10001 |

മുകളിൽ പറഞ്ഞു പ്രകാരം ആകെ 10001 രൂപ കാലി ബാരൽ വില ഇനത്തിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല - കരാറുകാരന് 20,949 രൂപ അധികം നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബിൽ തുക കരാർ തുക (Agreed P A C)-യിൽ ക്ലിപ്തപ്പെടുത്താതിരുന്നതിനാൽ 20949 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ടി പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും അതനുസരിച്ച് കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 223/21 |
| പ്രോജക്ടിന്റെ പേര് | മായന്നൂർ പാടശേഖരങ്ങളിലേക്ക് കൃഷിക്ക് ജലം എത്തിക്കൽ |
| അടങ്കൽ | 500000/- (വികസനഫണ്ട്-സാധാരണ) |
| ചെലവ് | 499384/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 34/30.10.2020 |
| കരാറുകാരൻ | എം എ മുഹമ്മദ് |
| അളവ് പുസ്തകം നമ്പർ | 245/19-20 |
| എഗ്രിമെന്റ് നമ്പർ | 64/AE/LSGD/KDY Dt.17.3.2020 |
| Agreed PAC | 426396/- |

കരാറുകാരന് നൽകിയ തുകയുടേയും നൽകേണ്ടിയിരുന്ന തുകയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക (PAC പ്രകാരം) |
|---|---|---|
| പ്രവൃത്തിമൂല്യം | 445879 | 426396 |
| GST 12% | 53505 | 51168 |

| | | |
|---|---|---|
| ആകെ | 499384 | 477563 |
| IT(-) | (-)4994 | (-)4776 |
| KCWWF | (-)4994 | (-)4776 |
| CGST | (-)4994 | (-)4776 |
| KGST | (-)4994 | (-)4776 |
| | 479408 | 458459 |

അധികം നൽകിയത് – 479408 – 458459 = 20949 രൂപ

മുകളിൽ പറഞ്ഞുപ്രകാരം ആകെ 20949 രൂപ കരാറുകാരൻ അധികം നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 36/25.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 20949 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ്.

## 1-27 പാറമേൽപടി പ്ലാന്റേഷൻ റോഡിന് ചാൽ നിർമ്മാണം - പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ഭാഗമായി 236.66 എം$^3$ മണ്ണ് ലഭ്യമായതായി എം ബുക്ക് നമ്പർ 241/19-20 പേജ് 1-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 149/21 |
| പ്രോജക്റ്റിന്റെ പേര് | പാറമേൽപടി പ്ലാന്റേഷൻ റോഡിന് ചാൽ നിർമ്മാണം |
| അടങ്കൽ (മെയിന്റനൻസ് റോഡ്) | 1300000/- |
| ചെലവ് | 1299050/- |
| ട്രഷറിബിൽ നമ്പർ/തീയതി | 35/30.10.2020 |
| കരാറുകാരൻ | കെ മണികണ്ഠൻ |
| എം ബുക്ക് നമ്പർ | 241/19-20 |
| എഗ്രിമെന്റ് നമ്പർ | 8/AE/LSGD/20-21/KDY Dt.13.5.2020 |

മേൽ പ്രവൃത്തി മൂഖേന ലഭ്യമായ മണ്ണ് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാതിരുന്നതിന്റെ കാരണവും മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ എം ബുക്കിൽ രേഖപ്പെടുത്താതിരുന്നതിന്റെ കാരണവും വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 37/25.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും മണ്ണ് ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 മരാമത്ത് പ്രവൃത്തിയുടെ എഗ്രിമെന്റ് ചമക്കുന്നതിന് കുറഞ്ഞ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറുകൾ ഉപയോഗിച്ചു

31.3.2018-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 3111(1)/Leg.A2/2018/Law പ്രകാരം പുറപ്പെടുവിച്ച കേരള ഫിനാൻസ് ആക്ട് 2018 സെക്ഷൻ (4) (F) പ്രകാരം കരാർ തുകയുടെ ഓരോ 1000 രൂപയ്ക്കും ഒരു രൂപ വീതം, (കുറഞ്ഞത് 200 രൂപയും കൂടിയത് 100000 രൂപയും ) സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തിയുടെ കരാറിന് മേൽപ്രകാരമുള്ള തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചിട്ടില്ല.

| പ്രോജക്റ്റിന്റെ വിവരം | ഉപയോഗിക്കേണ്ടിയിരുന്ന സ്റ്റാമ്പ് പേപ്പറിന്റെ മൂല്യം | ഉപയോഗിച്ചസ്റ്റാമ്പ് പേപ്പറിന്റെ മൂല്യം | കുറവ് |
|---|---|---|---|
| 151/21 – VLPS കനാൽ റോഡ് റീ ടാറിങ്ങ് അടങ്കൽ - 810000/- | 800 | 200 | 600 |

| | | | | |
|---|---|---|---|---|
| ചെലവ് - 800763/- ട്രഷറി ബിൽ നമ്പർ/തീയതി - 26/19.8.2020 എം.ബി നമ്പർ - 252/19-20 എഗ്രിമെന്റ് നമ്പർ - 2/AE/LSGD /20-21/KDY Dt.8.5.2020 | | | | |

മുകളിൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 41/25.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. എഗ്രിമെന്റുകൾക്ക് നിശ്ചിത മൂല്യമുള്ള സ്റ്റാമ്പ് പേപ്പറുകൾ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-29 അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് പരിശോധനയുടെ ഭാഗമായി രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പൊതുവായി കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കരാറുകാരുമായുള്ള എഗ്രിമെന്റിന്റെ ഭാഗമായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടില്ല.

2) അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വാങ്ങിയിട്ടുള്ള സാധനസാമഗ്രികളുടെ വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

3) പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

4) ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. തുകകൾ വരവ് വന്ന തീയതി, ചെക്ക് നമ്പർ/ട്രഷറി ബിൽ നമ്പർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്ന രീതിയിൽ ക്യാഷ് ബുക്ക് എഴുതുന്നില്ല. ക്യാഷ് ബുക്ക് ദിവസ, മാസ, വാർഷിക അടിസ്ഥാനത്തിൽ ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല.

5) എഗ്രിമെന്റിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി ചേർക്കുന്നില്ല.

6) 2020-21-ലെ പല പ്രവൃത്തികളിലും കരാറുകാർക്ക് പ്രവൃത്തി ഏല്പിച്ചു നൽകുന്നതിന് സെലക്ഷൻ നോട്ടീസ് അയക്കുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ നിശ്ചിത സമയപരിധിയ്ക്കകം കരാർ വയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല.

7) മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

8) മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ Name Board =ന് തുക വകയിരുത്തുകയോ വർക്ക് സൈറ്റിൽ നെയിം ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/23.11.2021-ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ താരതമ്യേന ചെറിയ പ്രവൃത്തികൾ ആയതിനാലാണ് പ്രവർത്തന കലണ്ടർ തയ്യാറാക്കാതിരുന്നത്. വരും വർഷങ്ങളിൽ പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2. 2021-22 വർഷം മുതൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

3. റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടത്തുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നതിനായി പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട്.

4. ക്യാഷ് ബുക്ക്, എഗ്രിമെന്റ് രജിസ്റ്റർ, എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതാണ്.

5. സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നത് ഉറപ്പു വരുത്തുന്നതാണ്.

പ്രതിവർഷം 100-ലധികം പദ്ധതികൾ നടപ്പിലാക്കുന്ന അസി.എഞ്ചിനീയറുടെ ഓഫീസിൽ ഒരു അസി.എഞ്ചിനീയറും ഒരു ഓവർസിയറും മാത്രമേ ഉള്ളൂ എന്നും ഓഫീസ് സംബന്ധിച്ച മറ്റ് പ്രവർത്തികളും ധാരാളമുള്ളതിനാൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നും അറിയിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള രേഖകൾ

കൃത്യമായി എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 നിർദ്ദിഷ്ട യോഗ്യതയില്ലാത്തയാൾക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിയമനം നൽകി

26.08.2009-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 167/09/എൽ.എസ്.ജി.ഡി. പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ അക്കൗണ്ടന്റ് - കം - ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ബി.കോം ബിരുദവും പി.ജി.ഡി.സി.എ ഡിപ്ലോമയുമാണ് യോഗ്യത. കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ മേൽ തസ്തികയിൽ 10.01.2018 മുതൽ ജോലി ചെയ്തിരുന്ന ശ്രീ പ്രവീൺകുമാർ എന്നയാൾ ബി.കോം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന് പഴയന്നൂർ ബ്ലോക്ക് MGNREGA ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ 28.09.2020-ലെ ബി.297/എംജിഎൻആർഇജി.എസ്./20 കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചതായും അതിനെത്തുടർന്ന് യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ശ്രീ പ്രവീൺകുമാറിനോട് ആവശ്യപ്പെട്ടതായും ഇതു സംബന്ധിച്ച ബി2-5243/2020 എന്ന ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. ടിയാൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ സെക്രട്ടറിയുടെ 12.10.2020-ലെ ബി2/MGNREGA/5243/2020 എന്ന ഉത്തരവ് പ്രകാരം ജോലിയിൽ നിന്നും പിരിച്ച് വിട്ടതായും കാണുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 2/19.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി താഴെ പറയുന്ന വിവരങ്ങൾ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ശ്രീ പ്രവീൺകുമാർ 10.01.2018-ലാണ് കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലിയിൽ പ്രവേശിച്ചത്. 03.01.2018-ലെ 14/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് ടിയാനെ നിയമിക്കാൻ തീരുമാനിച്ചത്. MGNREGS ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിലവിലുള്ള ഒഴിവിലേക്ക് ഇന്റർവ്യൂ നടത്തിയതിൽ 18 ഉദ്യോഗാർത്ഥികളിൽ 14 പേർ പങ്കെടുക്കുകയും ഇവരിൽ നിർദ്ദിഷ്ട യോഗ്യത ആർക്കുംതന്നെയില്ല എന്ന് സെക്രട്ടറി യോഗത്തെ അറിയിക്കുകയും എന്നാൽ MGNREGS പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതുള്ളതിനാൽ ഇന്റർവ്യൂവിൽ കൂടുതൽ മാർക്ക് നേടിയ പ്രവീൺ എന്നയാളെ തിരഞ്ഞെടുക്കുന്നതിന് യോഗം ഐകകണ്ഠ്യേന തിരുമാനിച്ചു എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

യോഗ്യതയില്ലാത്തവരെ ഇന്റർവ്യൂ നടത്തിയതിനെതിരെയും യോഗ്യതയില്ലാത്തയാളെ നിയമിക്കാനുള്ള നിയമവിരുദ്ധ തീരുമാനത്തിനെതിരെയും അന്നത്തെ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ശ്രീ പ്രവീൺകുമാറിന്റെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്കെതിരെ, ടിയാന്റെ കുടുംബത്തിന് അനർഹമായി 100 ദിവസത്തെ തൊഴിൽ നൽകി എന്നത് ഉൾപ്പെടെയുള്ള വ്യാപകമായ പരാതികൾ ഉയരുകയും ടിയാനെതിരെ ബ്ലോക്ക് പഞ്ചായത്ത് തൊഴിലുറപ്പ് വിഭാഗം പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അസി.സെക്രട്ടറി അന്വേഷണം നടത്തി കുറ്റക്കാരനാണെന്ന് കണ്ടെത്തിയതായും എന്നാൽ തെളിവുകൾ ഹാജരാക്കാനാകാത്തതിനാൽ നടപടിയൊന്നും എടുത്തിട്ടില്ല എന്നും സെക്രട്ടറിയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ പ്രവീൺകുമാർ ജോലിയിൽ പ്രവേശിച്ച 10.01.2018 മുതൽ പിരിച്ചുവിടപ്പെട്ട 12.10.2020 വരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി ആകെ 633354 രൂപ കൈപ്പറ്റിയിട്ടുള്ളതായി മേൽപറഞ്ഞ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അർഹതയില്ലാത്തയാൾക്ക് നിയമനം നൽകിയതുവഴി തൊഴിലുറപ്പ് പദ്ധതി ഫണ്ടിന് ചെലവായ 633354 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളു. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു പ്രക്രിയ നടക്കുന്നില്ല. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (30/24.11.21) മറുപടി നൽകിയില്ല. സർക്കാർ

ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-32 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് ആവശ്യത്തിലേക്കായി 230100101 -Electricity Charges For Street Lights എന്ന ശീർഷക പ്രകാരം 2020-21 വർഷത്തിൽ 3,44,822 രൂപ കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

1. 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ ഇടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

2. മീറ്ററിംഗ് നടത്താത്ത തെരുവു വിളക്കുകൾ മീറ്ററിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.45/25.11.21)

## 1-33 തെരുവ് ടാപ്പുകളുടെ വെള്ളക്കരം- സംയുക്തപരിശോധന നടത്തേണ്ടതും സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വാട്ടർ ചാർജ്ജിനത്തിൽ 230110102- Water Charges For Street Tap എന്ന ശീർഷക പ്രകാരം 2020-21 വർഷത്തിൽ 3,44,358 രൂപ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

I) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

Ii) പ്രതിമാസം 167 വാട്ടർ ടാപ്പുകളുടെ ബിൽ ആണ് വാട്ടർ അതോറിറ്റി നൽകുന്നതെങ്കിലും 150 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് അടവാക്കിവരുന്നത്. വാട്ടർഅതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതും കുടിശ്ശിക വെള്ളക്കരം അടവാക്കേണ്ടി വരുന്നതിന്റെ സാധ്യത ഒഴിവാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 44/25.11.21)

## 1-34 തൊഴിലുറപ്പ് പദ്ധതിക്ക് നൽകിയ മുൻകൂർ യഥാസമയം തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ല

460509901- Advance To Others എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം 24,67,441/- രൂപ അഡ്വാൻസ് നൽകിയത് തിരികെ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. 2019-20, 2020-21 വർഷത്തെ ലെഡ്ജർ പ്രകാരം തുക അനുവദിച്ചിരിക്കുന്നത് തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾക്കാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 30/11/2020 ന് 5,23,550/- രൂപ വരവ് വന്നിട്ടുണ്ടെങ്കിലും തുടർന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവുകൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് അഡ്വാൻസ് അനുവദിച്ചിട്ടുള്ളത്. ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടുമില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 67265669620, എസ്.ബി.ഐ. ചേലക്കര)31/03/21 ന് 522300/- രൂപ നീക്കിയിരിപ്പുണ്ട്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.40/25.11.21)മറുപടി ലഭ്യമാക്കിയില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി നൽകുന്ന മുൻകൂറുകൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യേണ്ടതാണ്.

## 1-35 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം

പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേരുവിവരം | ഫണ്ട് വിവരം | വൗച്ചർ നം | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 01/21 IKM വിഹിതം നൽകൽ | വികസനഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം | 22001198/11-11-20 | 93,201 | IKM |
| 2 | 10/21 കാൻ | വികസനഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം | 22001197/11-11-20 | 2,00,000 | ജില്ലാ പഞ്ചായത്ത് |

വിനിയോഗ സാക്ഷ്യപത്രങ്ങൾ നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/22-11-21)

## 1-36 വൃദ്ധർക്ക് കട്ടിൽ -രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ട് (എസ്.സി.പി) വിനിയോഗിച്ചും കൊണ്ട് നടപ്പിലാക്കിയ 31/21 വൃദ്ധർക്ക് കട്ടിൽ (വൗച്ചർ നമ്പർ: 22001298/10.03.21 തുക: ₹295800/-) പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 26/23.11.21 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ലാത്തതാണ്.

1) താഴെ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധരേഖകളും, കട്ടിൽ കൈപ്പറ്റിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താവിന്റെ ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം |
|---|---|---|
| 1 | 16 | നീലി മുത്തേടത്തുപടി |
| 2 | 32 | മാത പട്ടരാംചോലയിൽ |
| 3 | 36 | നേച്ചി പൊടിക്കുന്നത്ത് |
| 4 | 17 | കരിമ്പൻ, വേലൂർ പടി വീട് |
| 5 | 35 | കുഞ്ഞിമാളു പൊടിക്കുന്ന് |
| 6 | 44 | കാർത്ത്യായനി മേനോത്ത്പടി |

2) വിതരണ രജിസ്റ്റർ ക്രമ നം. 54 സരോജിനി W/o.അയ്യപ്പൻ കണ്ടംചിറ ഹൗസ്, മായന്നൂർ എന്ന ഗുണഭോക്താവിന്റ അപേക്ഷയോടൊപ്പം ഹാജരാക്കിയ 405980822494 നമ്പർ ആധാർ കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനവർഷം 1965 എന്നതും, 16-11-20 ലെ 52046210 നമ്പർ കമ്യൂണിറ്റി സർട്ടിഫിക്കറ്റിലെ പൂർത്തിയായ വയസ്സ് 55 എന്നതുമാണ്. 60 വയസ്സ് പൂർത്തീകരിക്കാത്ത ഗുണഭോക്താവിന് കട്ടിൽ അനുവദിച്ചതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കുന്നതിനായി മേൽ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും അക്കാര്യവും ഓഡിറ്റിനെ അറിയിച്ചിട്ടില്ലാത്തതാണ്.
രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ 7 (ഏഴ്) പേർക്കായി കട്ടിൽ വിതരണം ചെയ്ത ഇനത്തിൽ ചെലവു ചെയ്ത ₹30,450/- (കട്ടിലൊന്നിന് ₹4350/- നിരക്കിൽ) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം. 26/23-11-21)

## 1-37 ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി

ഹാജരാക്കിയില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ട് (എസ്.സി.പി) വിനിയോഗിച്ച കൊണ്ട് നടപ്പിലാക്കിയ 166/21 (സ്പിൽ ഓവർ) എസ്.സി.വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ (വൗച്ചർ നമ്പർ:22001027/12.04.20 തുക:₹1,21,800/- & വൗച്ചർ നമ്പർ:22001026/12.04.20 തുക:₹1,52,250/ ആകെ 2,74,050/-) എന്ന പ്രോജക്ടിൽ താഴെ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.27/23.11.21 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താവിന്റെ ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം |
|---|---|---|
| 1 | 1 | ചക്കി മൂത്തേടത്തുപടി |
| 2 | 3 | ലക്ഷ്മി മാങ്ങിട്ടിളിപ്പടി |
| 3 | 8 | ഉണ്ണികൃഷ്ണൻ വേലൂർപ്പടി |
| 4 | 11 | കാളി കുറുവത്ത്പടി മായന്നൂർ |
| 5 | 12 | മീനാക്ഷി മുത്തേടത്തുപടി മായന്നൂർ |
| 6 | 17 | മീനാക്ഷി നെടുന്തരംകുന്നത്ത് |
| 7 | 25 | മുണ്ടിച്ചി വീട്ടിക്കുന്നത്ത് കോളനി |
| 8 | 27 | വേലായുധൻ കുളത്തുംകുഴിപ്പടി കുഴിയപാടം |
| 9 | 29 | മാത.വി. W/O.കുഞ്ഞൻ തേക്കിൻകാട് കോളനി |
| 10 | 31 | കാളി, മംഗലം തേക്കിൻകാട് കോളനി |
| 11 | 32 | വെള്ളച്ചി W/O.കുഞ്ഞൻ അപ്പത്ത് പടി |
| 12 | 39 | വള്ളി കരാർകുളമ്പ് |
| 13 | 46 | വേലായുധൻ മേനോത്ത്പടി ചേലക്കോട് |
| 14 | 47 | കൃഷ്ണൻകുട്ടി വാഴാട് കോളനി |
| 15 | 50 | വെള്ളച്ചി W/O.ചക്കൻ കാട്ടാളത്ത് കോളനി |
| 16 | 60 | ശാരദ മുല്ലക്കൽ മായന്നൂർ |
| 17 | 62 | കൃഷ്ണൻകുട്ടി മുത്തേടത്തുപടി കൊണ്ടാഴി |

31/21 വൃദ്ധർക്ക് കട്ടിൽ (വൗച്ചർ നമ്പർ:22001298/10.03.21 തുക:₹295800/-) പ്രോജക്ടിൽ താഴെ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കാൻ മേൽ പറഞ്ഞ പറഞ്ഞ ഓഡിറ്റ് എൻക്വയറി നം.27/23.11.21 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

| ക്രമ | വിതരണ രജിസ്റ്റർ | ഗുണഭോക്താവിന്റെ പേരു |
|---|---|---|

| നം. | പ്രകാരം ഗുണഭോക്താവിന്റെ ക്രമ നം. | വിവരം |
|---|---|---|
| 1 | 16 | നീലി മൂത്തേടത്തുപടി |
| 2 | 17 | കരിമ്പൻ വേലൂർപ്പടി |
| 3 | 22 | ഉണ്ണികൃഷ്ണൻ തേക്കികാട് കോളനി |
| 4 | 23 | ചാമി പ്ലാപാടത്തിൽ പടി |
| 5 | 25 | പാറു തേക്കിൻകാട് കോളനി |
| 6 | 27 | കുഞ്ഞിമാളു കടമ്പാട്ട്പടി |
| 7 | 29 | ചിന്ന കടമ്പാട്ട് പടി |
| 8 | 43 | വെള്ളച്ചി വാഴാട് കോളനി |
| 9 | 44 | കാർത്ത്യായനി മേനോത്ത്പടി |
| 10 | 63 | ചാമി വട്ടപറമ്പിൽ (ഗുണഭോക്താവിന്റെ അപേക്ഷയും, അനുബന്ധരേഖകളും, കട്ടിൽ കൈപ്പറ്റിയതിന്റെ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.) |

രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്ത വകയിൽ ചെലവുചെയ്ത ₹1,04,400/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

(കുറിപ്പ്: ആകെ ഗുണഭോക്താക്കൾ:166/21 (സ്പിൽ ഓവർ) എസ്.സി.വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ ▶17എണ്ണം + 31/21 വൃദ്ധർക്ക് കട്ടിൽ – 10എണ്ണം ആകെ:27എണ്ണം ആയതിൽ നീലി മൂത്തേടത്തുപടി, കരിമ്പൻ വേലൂർപ്പടി, കാർത്ത്യായനി മേനോത്ത്പ്പടി എന്നീ 3 ഗുണഭോക്താക്കളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല എന്നതിനാൽ ചെലവ് ഖണ്ഡിക:1-36 ൽ തടസ്സപ്പെടുത്തിയിട്ടുള്ളതാണ് ആകയാൽ 24 ഗുണഭോക്താക്കളുടെ ചെലവ് തടസ്സപ്പെടുത്തുന്നു)

## 1-38 എസ്.എസ്.എ പദ്ധതി - പഞ്ചായത്ത് വിഹിതം കണക്കാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് | 1. എസ്.എസ്.എ വിഹിതം (ജനറൽ)-(പ്രൊജക്ട്.നം.04/21)<br>2. എസ്.എസ്.എ വിഹിതം (എസ്.സി.പി) (പ്രൊജക്ട്.നം.05/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 22001195/05-11-2020- 2,00,000/-<br>22001196/05-11-2020- 2,00,000/- |

മേൽ പദ്ധതികൾ പ്രകാം 400000/- രൂപ എസ്.എസ്.എ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി കൈമാറിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തിൽ എസ്.എസ്.എ യുടെ പ്രൊജക്ട് അടങ്കൽ എത്രയാണെന്ന് കാണിക്കുന്ന എസ്.എസ്.എ വർക്ക് പ്ലാൻ & ബജറ്റ് ഫയലിൽ ഇല്ല. എസ്.എസ്.എ യുടെ പഞ്ചായത്ത് വിഹിതം അടവാക്കിയതിന് അടിസ്ഥാനമാക്കിയ രേഖ എന്താണെന്ന് വ്യക്തമല്ല. എസ്.എസ്.എ യുടെ അടങ്കൽ തുക സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 24/23.11.21)

## 1-39 എസ്.എസ്.എ പദ്ധതി - എസ്.സി.പി വിഹിതം കണക്കാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ട് | എസ്.എസ്.എ വിഹിതം (എസ്.സി.പി) - (പ്രൊജക്ട്.നം.05/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 22001196/05-11-2020- 2,00,000/- |

2020-21 വർഷത്തെഎസ്.എസ്.എ പദ്ധതി (പട്ടികജാതി) ക്കായി മേൽ കാണിച്ച പ്രകാരം തുക കൈമാറിയിട്ടുണ്ട്. 2020-21 ലെ എസ്.എസ്.എ വാർഷിക വർക്ക് പ്ലാൻ & ബജറ്റ് പത്രിക ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.എ യ്ക്ക് എസ്.സി. വിഹിതം കണക്കാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 24/23.11.21)

പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി ലഭ്യമാകുന്ന ഫണ്ട് ആ വിഭാഗത്തിൽപ്പെട്ടവർക്ക് തന്നെ ചെലവഴിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിനാൽ എസ്.സി.പി. ഫണ്ട് വകയിരുത്തിയതിന് ആധാരമാക്കിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-40 എസ്.എസ്.എ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് | 1. എസ്.എസ്.എ വിഹിതം (ജനറൽ) (പ്രൊജക്ട്.നം.04/21)<br>2. എസ്.എസ്.എ വിഹിതം (എസ്.സി.പി) (പ്രൊജക്ട്.നം.05/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 22001195/05-11-2020- 2,00,000/-<br>22001196/05-11-2020- 2,00,000/- |

2020-21 വർഷത്തെ എസ്.എസ്.എ പദ്ധതി ക്കായി മേൽ കാണിച്ച പ്രകാരം തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-41 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ താഴെ പറയും പ്രകാരം തുകകൾ മെഡിക്കൽ ഓഫീസർ പി.എച്ച്.സിക്ക് കൈമാറിയിട്ടുണ്ട്.

| വർഷം | വൗച്ചർനം./തീയതി | തുക |
|---|---|---|
| 2020-21 | 22000166/08.06.20 | 1,50,000/- (വാർഡൊന്നിന് 10000 രൂപ വീതം) - തനത് ഫണ്ട് |

2020-21 വർഷത്തിൽ ആകെ 15 വാർഡുകളിൽ 1, 14, 15 വാർഡുകളിലെ മഴക്കാല പൂർവ ശുചീകരണം സംബന്ധിച്ച ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 30000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-42 പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

2020-21 വർഷത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പാക്കിയ പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രൊജക്ട് നമ്പർ - 204/21) പ്രകാരം നടപ്പാക്കിയ മേൽ പദ്ധതിയിൽ മൂന്ന് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 99462/- രൂപ വൗച്ചർനം. 22001245/22.01.2021 പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി.മിഷന് നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോണിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം മൂന്ന് കമ്പ്യൂട്ടറുകളുടെ വിലയായി കാണിച്ചിരിക്കുന്നത് 93,840/- രൂപയാണ്. അധികം നൽകിയ 5622/- രൂപ തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ - 20/22.11.21)

## 1-43 എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.1, തീയതി 15.11.2021)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, സി.എച്ച്.സി, കൊണ്ടാഴി | വിവരം ലഭ്യമാക്കിയിട്ടില്ല | 2020-21 ഉൾപ്പെടെയുള്ളത് |

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തിൽ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പ്രൊജക്ട് നമ്പർ 96/21 – മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ വടക്കാഞ്ചേരിയിൽ നിന്നും മരുന്ന വാങ്ങിയതിന് വൗച്ചർ നം. 22001239/20.01.21 പ്രകാരം 150000/- രൂപ നൽകിയിട്ടുണ്ട്. ടി മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-45 എ.ബി.സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിനായി (പ്രൊജക്ട് നമ്പർ-89/21) 75000/- രൂപ വൗച്ചർ നം. 22001238/20.01.21 പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. കോ - ഓർഡിനേറ്ററുടെ 23.06.2021 ലെ 1199/സി/16/കെ.എസ്.ടി.എസ്.ആർ നമ്പർ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ഒരു നായയ്ക്ക് 2100/- രൂപ എന്ന കണക്കനുസരിച്ച് കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 28 നായ്ക്കളെ പദ്ധതിയ്ക്ക് വിധേയമാക്കി 58800/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള എട്ട് നായ്ക്കളെ തുടർന്നു വരുന്ന മാസങ്ങളിലായി പദ്ധതിക്ക് വിധേയമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 21/22.11.21)

1. എ.ബി.സി.പദ്ധതിക്കായി ഗ്രാമപഞ്ചായത്തും കുടുംബശ്രീ മിഷനും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

2. എ.ബി.സി പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ ?

3. എ.ബി.സി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി തെരുവ് നായ്ക്കളുടെ കൃത്യമായ വിവരം കുടുംബശ്രീ ജില്ലാ മിഷന് ഗ്രാമപഞ്ചായത്ത് കൈമാറിയിട്ടുണ്ടോ?

4. കൊണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിന്നും തെരുവ് നായ്ക്കളെ പിടികൂടുന്ന വിവരം കുടുംബശ്രീ ജില്ലാ മിഷൻ , ഗ്രാമപഞ്ചായത്തിനെ മുൻകൂട്ടി അറിയിച്ചിട്ടുണ്ടോ ?

5. കുടുംബശ്രീ ജില്ല മിഷൻ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ടോ?

മേൽ വിവരങ്ങൾ സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കേണ്ടതും അനിമൽ ബർത്ത് കൺട്രോൾ പദ്ധതി സംബന്ധിച്ച പഞ്ചായത്ത് തലത്തിൽ ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ വിവരം | ബിറ്റുമിന്റെ അളവ് (Kg) | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം | വില (@ Rs.238) | ജി എസ് ടി (18%) | ആകെ |
|---|---|---|---|---|---|---|
| 1 | 183/21 – വാഴാട് കോളനി റോഡ് റീടാറിങ്ങ്<br>കരാറുകാരൻ – എം എം ജോസഫ്,<br>എംബി നമ്പർ – 237/19-20<br>എഗ്രി.നമ്പർ – 29/19-20<br>തീയതി 14.11.2019<br>ചെലവ് – 86728/-<br>ട്രഷറി ബിൽ നമ്പർ – 5/21.4.2020<br>ട്രഷറി ബിൽ നമ്പർ/തീയതി- 5/21.4.2020 | RS1-66.38<br>VG30-704.43<br>ആകെ | 0.33<br>4.35<br>4.68 | 1114 | 201 | 1315 |
| 2 | 170/21 – വാഴാട് പാടശേഖര റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്, കോൺക്രീറ്റിങ്ങ്<br>കരാറുകാരൻ – എം എം ജോസഫ്,<br>എംബി നമ്പർ – 238/19-20<br>എഗ്രി.നമ്പർ – | Ss1-289.34<br>RS1-93.61<br>VG30-718.24 | 1.6<br>0.47<br>4.44 | 1549 | 279 | 1828 |

| | | | | | | |
|---|---|---|---|---|---|---|
| | 28/19-20<br>തീയതി - 14.11.19<br>ചെലവ് - 249742/-<br>ട്രഷറി ബിൽ നമ്പർ - 7/21.4.20 | ആകെ | 6.51 | | | |
| 3 | 168/21 - ഉണ്ടിക്കൽ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്<br>കരാറുകാരൻ - എം എ മുഹമ്മദ്<br>എംബി നമ്പർ - 227/19-20<br>എഗ്രി.നമ്പർ - 48/19-20<br>തീയതി - 14.1.2020<br>ചെലവ് - 349932/-<br>ട്രഷറി ബിൽ നമ്പർ - 8/21.4.2020 | SS1-494.28<br>RS1-159.91<br>VG30-1226.97<br>ആകെ | 2.73<br>0.80<br>7.58<br>11.11 | 2644 | 476 | 3120 |
| 4 | 184/21 - പൂണത്ത്പടി റോഡ് ടാറിങ്ങ്<br>കരാറുകാരൻ - എം എ മുഹമ്മദ്<br>എംബി നമ്പർ - 228/19-20<br>എഗ്രി.നമ്പർ - 19/19-20<br>തീയതി - 15.11.2019<br>ചെലവ് - 248957/-<br>ട്രഷറി ബിൽ നമ്പർ - 31/19-8-20 | SS1-202.81<br>RS1-65.615<br>VG30-503.446<br>ആകെ | 1.12<br>0.33<br>3.11<br>4.56 | 1085 | 195 | 1280 |
| 5 | 177/21 - തുളംകോട് കനാൽ റോഡ് | SS1-389.172 | 2.15 | 2083 | 375 | 2458 |

| | | | | | | |
|---|---|---|---|---|---|---|
| | സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്<br>കരാറുകാരൻ - എം എ മുഹമ്മദ്<br>എംബി നമ്പർ - 231/19-20<br>എഗ്രി.നമ്പർ - 51/19-20<br>തീയതി - 14.1.2020<br>ചെലവ് - 489887/- | | | | | |
| | ട്രഷറി ബിൽ നമ്പർ - 40/1-12-2020 | RS1-125.908 | 0.63 | | | |
| | | VG30-966.063 | 5.97 | | | |
| | | ആകെ | 8.75 | | | |
| | ആകെ | | | | | 10001 |

മുകളിൽ പറഞ്ഞ പ്രകാരം ആകെ 10001 രൂപ കാലി ബാരൽ വില ഇനത്തിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല - കരാറുകാരന് 20,949 രൂപ അധികം നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബിൽ തുക കരാർ തുക (Agreed P A C)-യിൽ ക്ലിപ്തപ്പെടുത്താതിരുന്നതിനാൽ 20949 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ടി പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും അതനുസരിച്ച് കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 223/21 |
| പ്രോജക്ടിന്റെ പേര് | മായന്നൂർ പാടശേഖരങ്ങളിലേക്ക് കൃഷിക്ക് ജലം എത്തിക്കൽ |
| അടങ്കൽ | 500000/- (വികസനഫണ്ട്-സാധാരണ) |
| ചെലവ് | 499384/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 34/30.10.2020 |
| കരാറുകാരൻ | എം എ മുഹമ്മദ് |
| അളവ് പുസ്തകം നമ്പർ | 245/19-20 |
| എഗ്രിമെന്റ് നമ്പർ | 64/AE/LSGD/KDY Dt.17.3.2020 |
| Agreed PAC | 426396/- |

കരാറുകാരന് നൽകിയ തുകയുടേയും നൽകേണ്ടിയിരുന്ന തുകയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക (PAC പ്രകാരം) |
|---|---|---|
| പ്രവൃത്തിമൂല്യം | 445879 | 426396 |
| GST 12% | 53505 | 51168 |
| ആകെ | 499384 | 477563 |
| IT(-) | (-)4994 | (-)4776 |

| | | |
|---|---|---|
| KCWWF | (-)4994 | (-)4776 |
| CGST | (-)4994 | (-)4776 |
| KGST | (-)4994 | (-)4776 |
| | 479408 | 458459 |

അധികം നൽകിയത് – 479408 – 458459 = 20949 രൂപ

മുകളിൽ പറഞ്ഞപ്രകാരം ആകെ 20949 രൂപ കരാറുകാരൻ അധികം നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 36/25.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 20949 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് (പ്രാരംഭ ബാക്കി- 190000 | 2020-21 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്( Pro No 29) | 200000 | ഇല്ല |
| | | 1278660 | സമഗ്ര നെൽകൃഷി വികസനം PRO NO 163 | 1278660 | ഇല്ല |
| | | 100000 | അഗതി രഹിത കേരളം ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ(ജനറൽ) | 100000 | 90000 |
| ജില്ലാ പഞ്ചായത്ത് (പ്രാരംഭ ബാക്കി.259507) | 2020-21 | 541350 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെൻറീവ് (PRO NO 58) | 541350 | ഇല്ല |
| | | 280776 | സമഗ്ര നെൽകൃഷി വികസനം(99) | 280776 | ഇല്ല |
| | | 450000 | സമഗ്ര നെൽകൃഷി വികസനം PRO NO 163 | 450000 | ഇല്ല |
| | | 516000 | സമഗ്ര ക്ഷീര വികസനം- പാലിന് സബ്സിഡി(162/21) | 516000 | ഇല്ല |
| | | 259507 | പാലിയേറ്റീവ് കെയർ (165/21) | 116080 | 143427 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ (17/21) | | 200000 | 200000 | 0 |
| | തുളംകോട് | | 39384 | 39384 | 0 |

| | | | | | |
|---|---|---|---|---|---|
| | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് കെ.എസ്.ഇ.ബിക്ക് തുക അടവാക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2017-18 | 3.30 | 7767 | അസി. എൻജിനീയർ | 120040102024/18-12-2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല.

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,63,22,756 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,43,17,543 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 164850 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ സ്ഥിര മേൽവിലാസം |
|---|---|---|---|
| 3-1 | 6263 | ഷെമീർ കെ എം, അസിസ്റ്റന്റ് എഞ്ചിനീയർ | 115/112 തയ്യിൽ ഹൗസ്, പുതുപരിയാരം, ഒലവക്കോട് ,പാലക്കാട്- |

| | | | |
|---|---|---|---|
| | | | പിൻ 678731 |
| | 3738 | വിനോജ് ടി ജെ, അസി.എഞ്ചിനീയർ | തരകൻ ഹൌസ്, എസ് ഡി കോൺവെന്റ് റോഡ്, പാലിശ്ശേരി പി ഒ, പാലക്കൽ, തൃശ്ശൂർ 680027 |
| 3-2 | 20949 | വിനോജ് ടി ജെ, അസി.എഞ്ചിനീയർ | തരകൻ ഹൌസ്, എസ് ഡി കോൺവെന്റ് റോഡ്, പാലിശ്ശേരി പി ഒ, പാലക്കൽ, തൃശ്ശൂർ 680027 |
| ആകെ | 30950 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 30450 | ജലജകുമാരി.എ. അസി.സെക്രട്ടറി |
| 1-37 | 1,04,400 | ജലജകുമാരി.എ. അസി.സെക്രട്ടറി |
| 1-41 | 30000 | ജയലക്ഷമി.എം. സെക്രട്ടറി |
| ആകെ | 164850 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയലക്ഷമി.എം. സെക്രട്ടറി | സെക്രട്ടറി കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | 'അധിശ്രീ' ഒല്ലൂക്കര-പി.ഓ, തൃശ്ശൂർ |
| ജലജകുമാരി.എ. അസി.സെക്രട്ടറി | അസി.സെക്രട്ടറി കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | പ്രണവം, മായന്നൂർ പി.ഓ., തൃശ്ശൂർ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1969-70<br>1970-71 | എൽ.എഫ്.ഇ3 -2943/74/03.07.1984 |
| 1971-72 | എൽ.എഫ്.ഇ3 -5011/74/13.05.1975 |
| 1972-73 | എൽ.എഫ്.ഇ3 -1894/76/26.01.1997 |
| 1973-74 | എൽ.എഫ്.ഇ3 -398/76/12.02.1976 |
| 1974-75 | എൽ.എഫ്.ഇ3 -6775/76/06.06.1978 |
| 1975-76 | എൽ.എഫ്.ഇ3 -5136/77/06.01.1978 |
| 1976-77 | എൽ.എഫ്.ഇ3 -2535/82/11.06.1983 |
| 1977-78 | എൽ.എഫ്.ടി.10 -2109/80/07.10.1980 |
| 1978-79 | എൽ.എഫ്.ടി.10 -710/928/23.03.1981 |
| 1979-80 | എൽ.എഫ്.ടി.13 -1574/82/15.09.1982 |
| 1980-81<br>1981-82<br>1982-83<br>1983-84<br>1984-85<br>1985-86 | എൽ.എഫ്.ടി.(എസ്.2)90711/28.01.2012 |
| 1986-87<br>1987-88 | എൽ.എഫ്.ടി.13 -1329/92/15.10.1992 |
| 1988-89<br>1989-90<br>1990-91 | എൽ.എഫ്.ടി.13 -1488/93/25.02.1994 |
| 1991-92 | എൽ.എഫ്.ടി.13 -627/93/03.12.1993 |
| 1992-93<br>1993-94 | എൽ.എഫ്.ടി.13 -368/96/31.03.1997 |
| 1994-95<br>1995-96<br>1996-97<br>1997-98<br>1998-99<br>1999-2000<br>2000-2001<br>2001-02<br>2002-03<br>2003-04<br>2004-05<br>2005-06<br>2006-07 | എൽ.എഫ്.ടി.പി.4 -50/2014/14.03.14/05.04.2014 |
| 2007-08 | എൽ.എഫ്.ടി.പി.4 -1306/11/08.02.2012 |
| 2008-09 | എൽ.എഫ്.ടി.പി.4 -1307/11/22.02.2012/31.03.2012 |
| 2009-2010<br>2010-11 | എൽ.എഫ്.ടി.പി.4 -1408/12/05.12.2012/05.03.2013 |
| 2011-12 | എൽ.എഫ്.ടി.പി.4 -2119/2013/12.05.2014/07.08.2014 |
| 2012-13 | എൽ.എഫ്.ടി.പി.4-1921/14/06.03.2015/ 01.04.2015 |

| | |
|---|---|
| 2013-14<br>2014-15 | നം.കെ.എസ്.എ.ടി.എസ്.ആർ (പി4)405/16, തീ. 02.04.2016/06.05.2016 |
| 2015-16 | നം .കെ.എസ്.എ. ടി.എസ്.ആർ (പി 4) 2026/16, തീ. 22.11..2016/17.1.17 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ (പി4) -1373/2017 തീ.13.10.17/10.11.17 |
| 2017-18 | നം .കെ.എസ്.എ. ടി.എസ്.ആർ (പി 4) 350/2019.തീയതി 4.6.2019 |
| 2018-19 | നം .കെ.എസ്.എ.ടി.എസ്.ആർ (പി.7)1332/2020, തീയതി 07.01.2021 |
| 2019-20 | നം .കെ.എസ്.എ.ടി.എസ്.ആർ (പി.7) 12/2022, തീയതി.18.05.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്